പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 952 03.12. 2014 ൽ മറുപടിക്ക്

സംസ്ഥാനത്തെ പേപ്പർ മിൽ തൊഴിലാളികൾക്ക് മിനിമം കൂലി നിശ്ചയിച്ച നൽകുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബി. ഡി. ദേവസ്സി : | ശ്രീ. ഷിബു ബേബി ജോൺ<br>തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്തെ പേപ്പർ മിൽ തൊഴിലാളികൾക്ക് മിനിമം കൂലി നിശ്ചയിച്ച നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം അറിയിക്കുമോ;<br><br>(ബി) ഇല്ലെങ്കിൽ മിനിമം കൂലി നിശ്ചയിച്ച നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ? | (എ) & (ബി) സംസ്ഥാനത്തെ പേപ്പർ വ്യവസായത്തിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് മിനിമം വേതനം നിശ്ചയിക്കുന്നതിനുള്ള ആദ്യപടിയായി സർക്കാർ ടി വ്യവസായത്തെ 31.12.2012 ലെ ജി. ഒ (എം. എസ്) നമ്പർ. 177/2012/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം 1948 ലെ മിനിമം വേതന നിയമത്തിന്റെ പട്ടികയിൽ ഉൾപ്പെടുത്തി ടി തൊഴിൽ മേഖലയിൽ മിനിമം വേതനം നിശ്ചയിക്കുന്നതിനായി മിനിമം വേതന ഉപദേശക സമിതിയെ ചുമതലപ്പെടുത്തിയിട്ടുള്ളതും ആയതിന്മേൽ മിനിമം വേതന ഉപദേശക സമിതി നടപടികൾ ആരംഭിച്ചിട്ടുള്ളതുമാണ്. |

സെക്ഷൻ ആഫീസർ.